# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2720 | 12.03.2018 -ൽ മറുപടിക്ക്

## വില്ലേജാഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അൻവർ സാദത്ത് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജാഫീസുകളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും, അഴിമതി മുക്തമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനു ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br>ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്ക് വിശ്രമസൗകര്യമുൾപ്പെടെ ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ടി പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ആഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന് മേഖലകളിലായി തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലും ഒരു സീനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസീൽദാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ചുവരുന്നു. കൂടാതെ അഴിമതിരഹിത ഭരണ നിർവ്വഹണത്തിനുവേണ്ടി സർക്കാർ നിർദ്ദേശപ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറുകൾ, മേൽവിലാസം |

| | | | |
|---|---|---|---|
| | | | എന്നിവ കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ളതും പൊതുജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതിരഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ/ലാൻഡ് റവന്യൂ കമ്മീഷണറുടെ സർക്കുലറുകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുമുണ്ട്. ജില്ലാതല അഴിമതി നിവാരണ സമിതി എല്ലാ മാസവും ഒന്നാമത്തെ പ്രവൃത്തിദിനങ്ങളിൽ യോഗം ചേരുകയും ലഭിക്കുന്ന പരാതികളിൽ സർക്കാർ ജീവനക്കാരുടെ അഴിമതി സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായി ജില്ലാ കളക്ടർ ചെയർമാനും വിജിലൻസ് ഡി.വൈ.എസ്.പി. കൺവീനറുമായി ജില്ലാ വിജിലൻസ് കമ്മിറ്റി നിലവിൽ പ്രവൃത്തിച്ചുവരുന്നു. |
| (ബി) | സർവ്വീസ് അറ്റ് ഫിംഗർ ടിപ്പ് എന്ന ആധുനിക കാഴ്ചപ്പാടിന് അനുസൃതമായി റവന്യൂ ഓഫീസുകളെ മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് 24 ഓളം സർട്ടിഫിക്കറ്റുകൾക്ക് നേരിട്ട് അപേക്ഷിക്കുന്നതിനും അത് ലഭിക്കുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്. ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ഓൺലൈനായി നികുതിയും മറ്റു ഫീസുകളും അടയ്ക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. മൂന്ന് ജില്ലകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നു. ഇതു സംസ്ഥാനത്താകെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (സി) | കാലാനുസൃതമല്ലാത്ത നിയമങ്ങളും, ചട്ടങ്ങളും പരിഷ്കരിച്ച് റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്രമാത്രം മുന്നേറുവാൻ കഴിഞ്ഞെന്ന് അറിയിക്കുമോ; | (സി) | കാലാനുസൃതമല്ലാത്ത നിയമങ്ങളും, ചട്ടങ്ങളും പരിഷ്കരിച്ച് റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഡി) | റവന്യൂ ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി 14.11.2016 ൽ പുറപ്പെടുവിച്ച സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ലാൻഡ് റവന്യൂ കമ്മീഷണറുടെ 14-11-2016-ലെ എൽ.ആർ.(പി)1-44700/2016 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, ജില്ലാ കളക്ടറേറ്റ് എന്നീ കാര്യാലയങ്ങളിൽ നിന്നുള്ള പരിശോധനാ വിഭാഗം വില്ലേജാഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനയിലും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**